ശ്രീ. എം. വി. രാഘവൻ: കല്പട യജ്ഞം ഒരു മഹത്തായ യജ്ഞം ആയിരുന്നുവെന്നാണ് ഞങ്ങൾ അടിയന്തിരാവസ്ഥക്കാലത്ത് പത്രങ്ങളിലൂടെ വായിച്ചത്. ആ യജ്ഞത്തിന്റെ പേരിൽ ഭരണകക്ഷിയിലെ രാഷ്ട്രീയ പാർട്ടികൾ എത്ര ഫണ്ട് പിരിച്ചു എന്നുള്ളതിന്റെ കണക്ക് ശേഖരിച്ചിട്ടുണ്ടോ?

ശ്രീ. എം. കെ. രാഘവൻ: അതിന് പ്രത്യേക ചോദ്യം വേണം.

ഫോറസ്റ്റ് റെയിഞ്ചാഫീസർമാർ

*346 [364] ശ്രീ. ജി. പി. മംഗലത്തുമഠം:

ശ്രീ. പി. ബാലൻ:

ശ്രീ. പി. എം. അബൂബക്കർ:

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ റെയിഞ്ചാഫീസർമാരായി നിയമിക്കപ്പെടുന്നതിനുവേണ്ടി നേരിട്ട് തിരഞ്ഞെടുക്കപ്പെടുന്നവർ സർവ്വീസിൽ ഫുൾ മെമ്പർമാരായി തീരുന്നതെപ്പോഴാണ്;

(ബി) ഫോറസ്ട്രി കോളേജിലെ പരിശീലനത്തിനുശേഷം ഇവർക്ക് ഒരു വർഷത്തെ പ്രാക്റ്റിക്കൽ ട്രെയിനിംഗും മൂന്നു വർഷത്തിനുള്ളിൽ രണ്ടു വർഷത്തെ പ്രൊബേഷനും വേണമെന്ന് നിശ്ചയിച്ചിട്ടുണ്ടോ;

(സി) പ്രാക്റ്റിക്കൽ ട്രെയിനിംഗ് കാലം പ്രൊബേഷനായി കണക്കാക്കാത്തതെന്തുകൊണ്ടാണ്;

(ഡി) ഇവരോടൊപ്പം ഫോറസ്ട്രി കോളേജിൽ പഠിച്ച് പാസ്സാകുന്ന തമിഴ്നാട്, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിലുള്ളവർക്ക് അവരവരുടെ സംസ്ഥാനങ്ങളിൽ പ്രാക്റ്റിക്കൽ ട്രെയിനിംഗ് കാലംകൂടി പ്രൊബേഷനായി കണക്കാക്കാറുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഇ) തമിഴ്നാട്ടിലും ആന്ധ്രാപ്രദേശിലും ഉള്ളതുപോലെ ഫോറസ്ട്രി കോളേജിൽ പഠിച്ച് പാസ്സായതിനുശേഷം റെയിഞ്ചാഫീസർമാരായി നിയമിക്കപ്പെടുന്നവരുടെ കാര്യത്തിൽ പ്രാക്റ്റിക്കൽ ട്രെയിനിംഗ് കാലംകൂടി പ്രൊബേഷൻ കണക്കാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): (എ) അവരുടെ പ്രൊബേഷൻ കാലയളവ് തൃപ്തികരമായ രീതിയിൽ പൂർത്തീകരിക്കുമ്പോൾ.

(ബി) ഉണ്ട്.

(സി) കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിലെ 9 (എഫ്) അനുസരിച്ച് പ്രാക്റ്റിക്കൽ ട്രെയിനിംഗ് കാലം പ്രൊബേഷനായി കണക്കാക്കുന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തമിഴ് നാട്ടിൽ നൽകുന്ന പ്രാക്റ്റിക്കൽ ട്രെയിനിംഗ് കാലം പ്രൊബേഷന്റെ ഭാഗമായി എടുക്കുന്നുണ്ട്. ആന്ധ്രാപ്രദേശത്ത് തൃപ്തികരമായി റെയിഞ്ചേഴ്സ് കോഴ്സ് കഴിഞ്ഞതിനുശേഷം അവരെ റെയിഞ്ചറായി നിയമിക്കുകയും, ആദ്യത്തെ ഒരു വർഷക്കാലത്തേക്ക് റെയിഞ്ചർമാരുടെ അസിസ്റ്റന്റായി നിശ്ചയിക്കുന്നതും ആണ്. ഈ ഒരു വർഷക്കാലയളവ് പ്രൊബേഷനായി കണക്കാക്കുന്നതാണ്.

(ഇ) ഇക്കാര്യം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ജി. പി. മംഗലത്തുമഠം: മൂന്നു വർഷത്തിനുള്ളിൽ രണ്ടു വർഷത്തെ പ്രൊബേഷൻ വേണമെന്നു നിശ്ചയിച്ചിട്ടുള്ളത് ഒരു വർഷമായി കുറയ്ക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അത് ആവശ്യമാണെന്നു തോന്നുന്നില്ല.

ശ്രീ. ജി. പി. മംഗലത്തുമഠം: ഡെപ്യൂട്ടി കളക്റ്റർമാർക്ക് ഐ. എ.എസ്. കൊടുക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം ഇവരുടെ പ്രൊമോഷന്റെ കാര്യത്തിൽകൂടി ബാധകമാക്കുവാൻ ശ്രമിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഇങ്ങനെയൊരു ചോദ്യം ചോദിച്ചാൽ ഉടനെ മറുപടി പറയാൻ പ്രയാസമുണ്ട്.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ആളുകളെ തിരഞ്ഞെടുത്ത് കഴിഞ്ഞാൽ സർക്കാർ അതിന്റെ അടിസ്ഥാനത്തിൽ നിയമന ആർഡർ കൊടുത്താൽ സർവ്വീസിൽ പ്രവേശിച്ചതായി കണക്കാക്കേണ്ടതല്ലേ? അങ്ങനെ കണക്കാക്കുകയാണെങ്കിൽ പ്രാക്റ്റിക്കൽ പീരീഡിന്റെ കാലവുംകൂടി പ്രൊബേഷണൽ പീരീഡായി കണക്കാക്കാവുന്നതല്ലേ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അതും ഒരു വാദമുഖമാണ്, അതുകൊണ്ടാണ് പരിശോധിച്ചുകൊണ്ടിരിക്കുന്നത്.

മിനി സിമന്റ് ഫാക്റ്ററികൾ

*347 [366] ശ്രീ. സി. വാസുദേവമേനോൻ:
ശ്രീ. പിണറായി വിജയൻ:
ശ്രീ. കെ. അനിരുദ്ധൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മിനി സിമന്റ് ഫാക്റ്ററികൾ സ്ഥാപിക്കാനുള്ള എന്തെങ്കിലും നടപടി ഗവൺമെന്റ് ഇതിനകം സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര ഫാക്റ്ററി എവിടെയൊക്കെ എന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിനാവശ്യമായ സിമന്റ് ഇവിടെത്തന്നെ ഉൽപ്പാദിപ്പിക്കാൻ എന്നേയ്ക്ക് കഴിയുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly